പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 187 23.01.2014-ൽ മറുപടിക്ക്

## ആദിവാസി മേഖലയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ.രാജേഷ്:<br>ശ്രീ.കെ.കെ.ജയചന്ദ്രൻ :<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | കുമാരി. പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| | ചോദ്യം | | ഉത്തരം |
| (എ) | കഴിഞ്ഞ സർക്കാർ ആദിവാസി മേഖലകളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ആദിവാസി മേഖലകളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾ കുടിശ്ശികയായതിനാൽ വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. പോസ്റ്റ് മെട്രിക് തലത്തിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ശരിയായ രീതിയിൽ ഇ-ഗ്രാന്റ്സ് സംവിധാനത്തിൽ ക്ലെയിം ചെയ്യവരുടെ ഡിസംബർ വരെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളോ സ്ഥാപനങ്ങളോ ഇ-ഗ്രാന്റ്സ് സംവിധാനം വഴി അപേക്ഷ സമർപ്പിക്കുമ്പോൾ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ഐ.എഫ്.എസ്.സി കോഡ് എന്നിവയിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടാവുകയോ ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധപ്പെടുത്തുന്നതിന് കാലതാമസം വരുകയോ ചെയ്യുന്ന കേസ്സുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥിക്ക് യഥാസമയം ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച CPSMS (Central Plan Scheme Monitory System) എന്ന സംവിധാനത്തിൽ ഉണ്ടാകുന്ന സങ്കേതിക താമസം മൂലവും പോസ്റ്റ് മെട്രിക് കോഴ്സിനു പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. ആയത് പരിഹരിച്ച് ആനുകൂല്യം നൽകി വരുന്നു. പ്രീമെട്രിക് തലത്തിലുള്ള വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ സ്ഥാപനമേധാവികൾ മുഖേന കുടിശ്ശിക ഇല്ലാതെ നൽകിയിട്ടുണ്ട്. |

....2

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മേഖലയിലെ വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടില്ലാത്ത ആനുകൂല്യങ്ങൾ നൽകുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | ഓരോ സാമ്പത്തിക വർഷവും അർഹരായ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും അനുവദനീയമായ എല്ലാ വിദ്യാഭ്യാസാനുകൂല്യവും അതാത് സാമ്പത്തിക വർഷം തന്നെ നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിലെ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഐ.റ്റി.ഡി പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ, ഫണ്ട് യഥാസമയം ക്ലെയിം ചെയ്യാത്ത സ്ഥാപന മേധാവികളുമായി ബന്ധപ്പെട്ട് എത്രയും പെട്ടെന്ന് തന്നെ ക്ലെയിം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കൂടാതെ ആധാർ, ബാങ്ക് അക്കൗണ്ട് എന്നിവ ലഭിക്കാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അതാത് ജില്ലയിലെ ലീഡ് ബാങ്കുമായി ബന്ധപ്പെട്ട് പ്രത്യേകം ക്യാമ്പുകൾ നടത്തി അവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെടുത്താത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലിസ്റ്റ് ശേഖരിച്ച് ലീഡ് ബാങ്ക് മാനേജർമാരുമായി ബന്ധപ്പെട്ട് ലിങ്ക് ചെയ്യുന്നതിനു ത്വരിതഗതിയിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ അയയ്ക്കുമ്പോൾ വിദ്യാർത്ഥികളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെടുന്ന തനുസരിച്ച് വിദ്യാർത്ഥികളെ അറിയിക്കുകയും പരിഹരിക്കുന്നതിനു നിർദ്ദേശം നൽകുകയും ചെയ്യുന്നു. |
| (ഡി) | ആദിവാസിമേഖലകളിലെ വിദ്യാർത്ഥികളുടെ മെസ് അലവൻസുകളും മറ്റും കാലോചിതമായി വർദ്ധിപ്പിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. 1/10/13-ലെ സ.ഉ (എം.എസ്) നം.79/13/പജപവവിവ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും പ്രീമെട്രിക് ഹോസ്റ്റലുകളിലെയും എസ്.എസ്.എൽ.സി വരെ പഠിക്കുന്ന വിദ്യാർത്ഥികളുടെ മെസ്സ്ചാർജ്ജ് 1,300/- രൂപയിൽ നിന്നും 2,000/- രൂപയായും ഹയർ സെക്കന്ററി തലത്തിൽ പഠിക്കുന്നവരുടെ മെസ്സ് ചാർജ്ജ് 1,500/-രൂപയിൽ നിന്ന് 2,300/- രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.<br>11/1/12-ലെ സർക്കാർ ഉത്തരവ് (കൈ) നം. 6/2012/പജ.പവ.വിവ പ്രകാരം സംസ്ഥാനത്ത് പ്രീമെട്രിക്/പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന എസ്.ടി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ അനുകൂല്യങ്ങളായ സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ്, ഹോസ്റ്റലുകളിൽ നിന്നു പഠിക്കുന്ന |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളുടെ പോക്കറ്റ് മണി എന്നിവ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.<br>17/5/13-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 36/2013/പജ.പവ.വിവ പ്രകാരം സംസ്ഥാനത്ത് പാരലൽ കോളേജുകളിൽ ഹയർ സെക്കന്ററി തലത്തിൽ പഠിക്കുന്ന എസ്.ടി വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് പ്രതിവർഷം 800 രൂപയിൽ നിന്നും 1600/- രൂപയായും, ഡിഗ്രി തലത്തിൽ പഠിക്കുന്നവരുടെ ട്യൂഷൻ ഫീസ് 1000/- രൂപയിൽ നിന്നും 2,000/- രൂപയായും, പോസ്റ്റ് ഗ്രാജ്വേഷൻ തലത്തിൽ പഠിക്കുന്നവരുടെ ട്യൂഷൻ ഫീസ് 1250/- രൂപയിൽ നിന്ന് 2,500/- രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ഇ) | ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾ നേരിടേണ്ടി വരുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ? | (ഇ) | ഇല്ല. ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് യാതൊരുവിധ പ്രയാസവും ഉണ്ടാകാതിരിക്കുവാൻ വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. എം.എൽ.എ.മാർ അദ്ധ്യക്ഷരായ ഉപദേശക സമിതി നിശ്ചിത ഇടവേളകളിൽ യോഗം ചേർന്നു ഓരോ സ്ഥാപനത്തിന്റെയും മികവുറ്റ പ്രവർത്തന ങ്ങൾക്കായും നിലവിലുള്ള പോരയ്മകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

Haripriya

സെക്ഷൻ ഓഫീസർ